**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - മിനിസ്റ്റീരിയൽ വിഭാഗത്തിൽ പുതിയ 31 സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (കൈ) നം. 52/2016/തസ്വഭവ. തിയ്യതി, തിരുവനന്തപുരം, 04-03-2016.

---

പരാമർശം: തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21-01-2015, 09-02-2015 എന്നീ തീയതികളിലെ എ 1/500/2015/സി.ഇ/തസ്വഭവ നം. കത്തുകൾ

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം 01-01-2008 മുതൽ നിലവിൽ വന്നിട്ടുണ്ടെങ്കിലും സ്ഥിരമായിട്ടുള്ള ഒരു മിനിസ്റ്റീരിയൽ വിഭാഗം നാളിതുവരെ രൂപം കൊണ്ടിട്ടില്ല. 947 തസ്തികകൾ മറ്റ് വകുപ്പുകളിൽനിന്നും വിട്ടുകിട്ടിയിട്ടുണ്ടെങ്കിലും അത്യാവശ്യം വേണ്ടുന്ന സൂപ്പർവൈസറി തസ്തികകൾ വളരെ കുറവാണ്. സ്ഥിരമായി ഒരു മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഭരണപരമായ അത്യാവശ്യം കണക്കിലെടുത്ത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 2. | ഫിനാൻസ് ഓഫീസർ | 1 |
| 3. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| 4. | സീനിയർ സൂപ്രണ്ട് | 1 |
| 5. | ജൂനിയർ സൂപ്രണ്ട് | 4 |
| 6. | ഹെഡ് ക്ലാർക്ക് | 22 |
| 7. | ഫെയർ കോപ്പി സൂപ്രണ്ട് | 1 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.പി.എം. മുഹമ്മദ് ഹനീഷ്**
ഗവ. സെക്രട്ടറി.

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം